**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2318** **05-02-2026 - ൽ മറുപടിയ്ക്ക്**

**നഗരസഭകളിലെ ഐ.കെ.എം. ഇടപാടുകളും ജീവനക്കാരുടെ റിലിൻക്വിഷ്മെന്റും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | നഗരസഭകളിലേക്ക് ഓൺലൈൻ വഴി അടക്കുന്ന നികുതി, ഫീസുകൾ എന്നിവ ഇൻഫർമേഷൻ കേരള മിഷന്റെ (ഐ.കെ.എം. )അക്കൗണ്ടിൽ നിന്നും എത്ര ദിവസം കൂടുമ്പോഴാണ് നഗരസഭ അക്കൗണ്ടിൽ എത്തുന്നത്;വ്യക്തമാക്കാമോ; | (എ) | **നികുതികൾ, ഫീസുകൾ എന്നിവ ഒരു വ്യക്തി അടച്ചാൽ ഒരു ദിവസം കഴിഞ്ഞാൽ ബാങ്ക് ഈ തുക ഐ.കെ.എം പൂൾ അക്കൗണ്ടിലേക്ക് സെറ്റിൽ ചെയ്യുന്നതാണ്. അതിനു ശേഷം ഒരു ദിവസം കൂടി കഴിഞ്ഞതിനു ശേഷം ഈ തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻറെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകുന്നതാണ്.** |
| (ബി) | ഇത്തരത്തിൽ ഐ.കെ.എം. നൽകുന്ന സേവനത്തിന് നികുതിയുടെ നിശ്ചിത ശതമാനം അനുവദിക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; | (ബി) | പ്രോപ്പർട്ടി ടാക്സ് ഇനത്തിൽ കളക്ട് ചെയ്യുന്ന തുകയുടെ 2.5 ശതമാനം തുക ഐ.കെ.എം ന് ലഭിക്കുന്ന തരത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | നഗരസഭകളിൽ റവന്യൂ ഇൻസ്പെക്ടർ, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 എന്നീ തസ്തികകളിൽ ഉള്ള ജീവനക്കാരിൽ ചിലർ ഇനി പ്രൊമോഷൻ വേണ്ടായെന്ന് (റിലിൻക്വിഷ്മെന്റ്) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അപേക്ഷ നൽകിയിട്ടും അതേ തസ്തികകളിൽ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . |
| (ഡി) | ഇത് സംബന്ധിച്ച് പരിശോധിക്കാൻ ബന്ധപ്പെട്ട ഏജൻസികൾക്ക് നിർദ്ദേശം നൽകാമോ; | (ഡി) | സ്ഥാനക്കയറ്റം പരിത്യജിച്ച ജീവനക്കാർ (റിലിങ്ക്വിഷ് ചെയ്തു) അതേ തസ്തികയിൽ തുടരുന്നത് ചട്ട വിരുദ്ധമല്ല. |
| (ഇ) | ഇത്തരക്കാരുടെ റിലിൻക്വിഷ്മെന്റ് അപേക്ഷ റദ്ദു ചെയ്യാൻ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ? | (ഇ) | സ്ഥാനക്കയറ്റം പരിത്യജിച്ച ജീവനക്കാർ, റിലിങ്ക്വിഷ്മെന്റ് ക്യാൻസൽ ചെയ്യുന്നതിന് അപേക്ഷിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് റദ്ദ് ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ